കോൺഫറൻസിൽ സംസ്ഥാന ഗവൺമെന്റ് ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. അത് നിർബന്ധപൂർവ്വം പാസ്സാക്കാൻ മുൻകൈ എടുത്തപ്പോൾ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ മന്ത്രിമാരും അതിനോട് അനുകൂലിച്ച് ആവശ്യമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് തുടർച്ചയായി ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

കേരള-ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി

4 (* 411) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വികസനം ലക്ഷ്യമാക്കി ഷാർജ ഗവൺമെന്റിന്റെ സഹായത്തോടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഷാർജ ഗവൺമെന്റുമായി സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കേരള-ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി സ്ഥാപിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംയുക്ത സംരംഭമെന്നനിലയിൽ സംസ്ഥാനത്തും ഷാർജയിലും മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തും ഷാർജയിലും ടൂറിസംവ്യവസായം സംയുക്തമായി പരിപോഷിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഷാർജ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായ വികസന പദ്ധതികൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) ചർച്ച ചെയ്തിട്ടുണ്ട് ; അന്തിമ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ബി & സി) 1999 ഡിസംബറിൽ ഷാർജ സന്ദർശിച്ചപ്പോൾ അവിടുത്തെ ഗവൺമെന്റിന്റെ ഇക്കണോമിക് ഡവലപ്മെന്റ് വിഭാഗം തലവൻ ഷേക്ക് താരിക് ബിൻഫെയ്സൻ കാസിയുമായി കേരള ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരള വ്യവസായ വികസന കോർപ്പറേഷൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

'കൺസെപ്റ്റ് നോട്ട്' ഷാർജ ഗവൺമെന്റിന് അയയ്ക്കുകയുണ്ടായി. കേരള സർക്കാരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ഷാർജ ഇക്കണോമിക് ഡവലപ്മെന്റ് വിഭാഗം തലവനുൾപ്പെടെയുള്ള ഒരു ഉന്നതതലസംഘം ആഗസ്റ്റ് മാസത്തിൽ കേരളം സന്ദർശിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി & ഇ) വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

(എഫ്) ഷാർജയിൽനിന്നുള്ള ഡെലിഗേഷന്റെ കേരള സന്ദർശന വേളയിൽ മാത്രമേ അത്തരം സംരംഭങ്ങളുടെ തീരുമാനമാവുകയുള്ളൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ കേരള ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഒരു ചർച്ച നടക്കുകയാണെന്ന് അറിയിക്കുകയുണ്ടായി. ഏത് മേഖലയിലാണ് ഷാർജ കമ്പനി അതിന്റെ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഐ. ടി. മേഖല ഷാർജ ഗവൺമെന്റുമായിട്ട് ബന്ധപ്പെടാൻ കഴിയുന്ന ഒരു മേഖലയാണ്. ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ ടെക്നോ പാർക്കിലേയ്ക്ക് അവരെ ആകർഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഐ. ടി. ഈ കാര്യത്തിൽ ഒരു പ്രധാന ഘടകമായി വരുന്നതാണെന്ന് മാത്രമല്ല ആയുർവേദിക് മെഡിസിൻ തുടങ്ങിയ കാര്യങ്ങളിലൊക്കെ അവർക്ക് നല്ല താല്പര്യമുണ്ട്. രണ്ട് സ്ഥലങ്ങളിൽനിന്നുള്ള മലയാളികൾ ഇഷ്ടംപോലെ പിരിഞ്ഞുപോകുന്നുണ്ട്. അവരിൽനിന്നും അവിടെയുള്ള എമിറേറ്റ്സുകളിൽനിന്നും വളരെയധികം സാമ്പത്തിക സാദ്ധ്യത പ്രതീക്ഷിക്കാം. അവർ പണം മുടക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. അതെല്ലാം ചർച്ച ചെയ്തതിനുശേഷം ഏതെല്ലാം മേഖലകളിലാണ് പഠനം നടത്തേണ്ടത് എന്നതിനെ സംബന്ധിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. അതിൽ ഐ.ടി. ഒരു പ്രധാന ഘടകമായി വരും. ഐ. ടി. വരുമ്പോൾ ടെക്നോപാർക്കിൽ ഇൻവെസ്റ്റ്മെന്റ് വരാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ഷാർജ കൂടാതെ ഗൾഫ് രാജ്യങ്ങളിലെ ഇതര രാഷ്ട്രങ്ങളുമായി യോജിച്ച് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടോ ; ഗാർമെന്റ് നിർമ്മാണം ഗൾഫ് രാജ്യങ്ങളിൽ വളരെ താല്പര്യമുള്ള ഒരു വിഷയമാണ്. നമ്മുടെ സംസ്ഥാനത്ത് ഗാർമെന്റ് നിർമ്മാണത്തിന് അടിസ്ഥാന സൗകര്യമൊരുക്കിയ മേനംകുളത്തെ കിൻഫ്ര അപ്പാരൽ പാർക്കിലേയ്ക്ക് ഗൾഫ് രാജ്യങ്ങളിലെ വ്യവസായികളെ ക്ഷണിക്കുന്നതിനുവേണ്ടി നിലവിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : കഴിഞ്ഞ പ്രാവശ്യം ഈ പ്രദേശങ്ങൾ സന്ദർശിച്ച അവസരത്തിൽ വിവിധ തലങ്ങളിലുള്ള വ്യവസായികളെ കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഏറ്റവും കോൺക്രീറ്റ് ആയിട്ടുള്ള പ്രൊപ്പോസൽ വന്നത് ഷാർജ എമിറേറ്റ്സിൽ നിന്നാണ്. അവർ ഇക്കാര്യത്തിൽ വളരെയധികം താല്പര്യം കാണിക്കുകയുണ്ടായി. മറ്റ് തലങ്ങളുമായി ചർച്ച ചെയ്തതിന്റെ ഫലങ്ങൾ ഒന്നൊന്നായി വരാൻ തുടങ്ങുന്നതേയുള്ളൂ. പല രാജ്യങ്ങളിൽനിന്നും ആളുകൾ വരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. അതിന്റെ ആദ്യത്തെ ഡെലിഗേഷനാണ് ഇപ്പോൾ വരാൻ പോകുന്നത്.

ശ്രീ. എം. വി. ജയരാജൻ : നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാണ് അങ്കമാലിയിൽ പ്രവർത്തിക്കുന്ന ടെൽക്ക്. ടെൽക്കിന്റെ പ്രവർത്തനം വിലയിരുത്താൻവേണ്ടി ഒമാനുമായി ഗവൺമെന്റ് വല്ല കരാറിലും ഏർപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഒമാനിൽനിന്ന് നമുക്ക് ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ഒമാനിൽനിന്ന് നേരത്തെയും ലഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നും നമുക്ക് ഓർഡറുകൾ ലഭിക്കുന്നുണ്ട്. നമ്മുടെ സാധനങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ മെച്ചപ്പെട്ട ഡിമാന്റ് ആണുള്ളത്. ജപ്പാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് നമ്മൾ ടെൽക്കിന്റെ ഉല്പന്നങ്ങൾ അയയ്ക്കുന്നുണ്ട്. ടെൽക് ആകെത്തന്നെ പുന:സംവിധാനം ചെയ്യുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ ഉല്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കാൻ കഴിയും. . അതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ : കാസർഗോഡ് ജില്ലയിലെ ഒരു പൊതുമേഖലാ സ്ഥാപനമാണ് ആസ്ട്രൽ വാച്ചസ്. ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഒരു സ്ഥാപനമാണിത്. ആ സ്ഥാപനത്തെ പുന:സംഘടിപ്പിക്കുന്നതിനും അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ഏതെങ്കിലും വിദേശ സ്ഥാപനങ്ങളുമായി എന്തെങ്കിലും പരിശ്രമം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ശ്രീമതി സുശീലാ ഗോപാലൻ : എച്ച്. എം. ടി യുടെ തകർച്ചയോടുകൂടി ആസ്ട്രൽ വാച്ചസിന് വളരെയധികം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അവിടെയുള്ള ഉല്പന്നങ്ങൾ കൂടുതലായി എടുക്കാനും അതിനുള്ള ഓർഡർ തരാനും അവിടെ നിർമ്മിച്ച സാധനങ്ങൾ കൊണ്ടുപോകാനും തയ്യാറാണെന്നുള്ള വിവരം എൻ. ആർ. ഐ. ക്കാർ അറിയിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് കൂടുതൽ ചർച്ച നടക്കാൻ പോകുന്നതേയുള്ളൂ.

ശ്രീമതി എൻ. കെ. രാധ : ഷാർജയിലെ മലയാളികളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിനുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ശ്രീമതി സുശീലാ ഗോപാലൻ : ചില നിർദ്ദേശങ്ങൾ ഉണ്ട്. അതിനെ ബെയ്സ് ചെയ്തുകൊണ്ട് ഹോൾഡിംഗ് കമ്പനി ഉണ്ടാക്കി, കേരളത്തിലുള്ളവരുടെയും അല്ലാത്തവരുടെയും നിക്ഷേപങ്ങൾ സമാഹരിച്ച് പകുതി ഇവിടെയും പകുതി ഷാർജയിലും ഇൻവെസ്റ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ടു കൂട്ടരുടെയും ഇൻവെസ്റ്റ്മെന്റ് കിട്ടാനുള്ള സാദ്ധ്യതയുണ്ട്.

ശ്രീമതി എൻ.കെ. രാധ : എന്റെ നിയോജകമണ്ഡലത്തിലെ പെരുവണ്ണാമുഴി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഷാർജ ഗവൺമെന്റുമായി സംയുക്തമായി ഒരു പദ്ധതി ആരംഭിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പുതിയ നിർദ്ദേശമാണ്. എന്ത് ചെയ്യണമെന്നുള്ള കാര്യം ആലോചിക്കാം.

ശ്രീ. എം. ദാസൻ : സംസ്ഥാനത്തിന്റെ വ്യവസായ വികസനം ലക്ഷ്യംവച്ചുകൊണ്ട് വിദേശ മലയാളികളുമായി ചേർന്ന് കൂട്ടുസംരംഭം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും കരാറുകളിൽ ഗവൺമെന്റ് ഒപ്പു വച്ചിട്ടുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഗവൺമെന്റ് തലത്തിൽ അത്തരത്തിലുള്ള കരാറുകളിലൊന്നുംതന്നെ ഒപ്പുവച്ചിട്ടില്ല. ഈ രംഗത്ത് പലരുമായി ബന്ധം സ്ഥാപിക്കുകയും അവരെ ഇൻവെസ്റ്റ് ചെയ്യാൻ പ്രേരിപ്പിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കരാറിന്റെ ഒരു പ്രാരംഭ നടപടിയായിട്ടാണ് ഷാർജയുമായിട്ടുള്ള ഒരു ഹോൾഡിംഗ് കമ്പനിയുടെ നിർദ്ദേശം നമ്മൾ മുന്നോട്ടു വച്ചിട്ടുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കയർ വ്യവസായത്തിന്റെ പുതിയ സാദ്ധ്യതകൾ

5 (*412) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. കണാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പുതിയ സാദ്ധ്യതകൾ കണ്ടെത്താനും പ്രസ്തുത വ്യവസായത്തെ വികസിപ്പിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly